**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3011     10-05-2017 ൽ മറുപടിയ്ക്ക്

## പഴയന്നൂരിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കാൻ നടപടി

| ചോദ്യം<br>**ശ്രീ. യു. ആർ. പ്രദീപ്** | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ ആസ്ഥാനമായി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യ ത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;<br>ബി) പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ മതിയായ സ്ഥലവും എം.എൽ.എ. യുടെ ആസ്തി വികസന സ്കീമിൽ നിന്നും കെട്ടിടം പണിയാനുള്ള തുകയും കണ്ടെത്താമെന്നതു കണക്കിലെടുത്ത് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കഴിവതും വേഗത്തിൽ നടപടി സ്വീകരിച്ച് ഉത്തരവാകുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ? | **(എ)&(ബി)**<br>കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തിയ പഠന റിപ്പോർട്ടിൽ ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിലേയ്ക്കായി നിർദ്ദേശിച്ചിരുന്ന സ്ഥലങ്ങളിൽ ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ ഉൾപ്പെട്ടിരുന്നു. ആയതിൻപ്രകാരം പഴയന്നൂർ ആസ്ഥാനമാക്കി ഒരു ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി സ്ഥലം കണ്ടെത്തുന്നതിനായി പഴയന്നൂർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം കണ്ടെത്തി വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനു കഴിയും. |

സെക്ഷൻ ഓഫീസർ